## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7971 16.7.2014- ലെ മറുപടിക്ക്**

## വ്യാപാരമേഖലയിൽ ഓൺലൈൻ ഡലിവറി നോട്ട് സംവിധാനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. ലൂഡി ലൂയിസ് | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) വ്യാപാരമേഖലയിൽ ഓൺലൈൻ ഡലിവറി നോട്ട് സംവിധാനം നിർബന്ധമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ ; | (എ) കേരള മൂല്യ വർദ്ധിത നികുതിനിയമമനുസരിച്ച് നോട്ടിഫൈഡ് ഗുഡ്സ് കൊണ്ടുപോകുമ്പോൾ ഫാറം 15 പ്രകാരമുള്ള ഡെലിവറി നോട്ട് നിർബന്ധമാണ്. കൂടാതെ വിൽപനയല്ലാതെയുള്ള ചരക്കുകളുടെ സംസ്ഥാനത്തിനകത്തുള്ള ട്രാൻസ്പോർട്ടേഷനും ഇത് അത്യാവശ്യമാണ്. വാണിജ്യ നികുതി വകുപ്പിൽ നികുതിഭരണം കമ്പ്യൂട്ടർവത്കരിച്ചതിന്റെ ഭാഗമായിട്ടാണ് ഓൺലൈൻ വഴി ഫാറങ്ങൾ ഡൗൺലോഡ് ചെയ്യാനുള്ള സംവിധാനം നിലവിൽ വന്നത്. ഇതേതുടർന്നാണ് ഓൺലൈൻ ഡെലിവറി നോട്ട് സംവിധാനം നിർബന്ധമാക്കിയത്. റബ്ബർ, സിമന്റ്, ഹൈഡ്സ് ആന്റ് സ്കിൻ എന്നിവയൊഴിച്ചുള്ള ചരക്കുകൾക്ക് ഓൺലൈൻ ഡെലിവറി നോട്ട് നിർബന്ധമാക്കിയിട്ടുണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് | ഓൺലൈൻ ഡെലിവറി നോട്ട് നടപ്പിലാക്കിയപ്പോൾ പരിശോധന സ്ക്വാഡിലെ |

| | | | |
|---|---|---|---|
| | ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | | ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ള ലാപ് ടോപ്പ് ഉപയോഗിച്ച് യാത്രാമദ്ധ്യേതന്നെ ഡെലിവറി നോട്ട് പരിശോധിക്കുവാൻ കഴിയും. പ്രിന്റഡ് ഡെലിവറിനോട്ടിനെ സംബന്ധിച്ച് ട്രാൻസ്പോർട്ടിംഗ് കോപ്പിയിലും |
| (സി) | നികുതി വെട്ടിപ്പ് തടയുവാൻ ഇത് എത്രമാത്രം സഹായിക്കുമെന്നാണ് കരുതുന്നത്; വിശദമാക്കുമോ ; | (ബി) (സി) & (ഡി) | റിട്ടേണിനോടൊപ്പം ഫയൽ ചെയ്യുന്ന കോപ്പിയിലും തിരുത്തലുകൾ വരുത്തിയുള്ള നികുതി വെട്ടിപ്പിന് സാദ്ധ്യതയുണ്ട്. അതുപോലെതന്നെ ഡെലിവറി നോട്ടിൽ ക്വാണ്ടിറ്റി, പുറപ്പെടുന്ന തീയതി, സമയം എന്നിവയിലും ഇത്തരം തിരുത്തലുകൾ വരുത്തുന്നതായി കണ്ടെത്തിയിട്ടുണ്ട്. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം? | | ഓൺലൈൻ ഡെലിവറി നോട്ട് സംവിധാനത്തിലൂടെ ഇത്തരത്തിലുള്ള തിരുത്തലുകൾക്കുള്ള സാദ്ധ്യത ഒഴിവാക്കാവുന്നതാണ്. വ്യാജമായ രേഖകളുപയോഗിച്ച് ചരക്ക് കടത്തുന്നതും നികുതിവെട്ടിപ്പും തടയാൻ ഒരു പരിധി വരെ ഇതുവഴി സാധിച്ചിട്ടുണ്ട്. റബ്ബർ, സിമന്റ്, ഹൈഡ്സ് ആന്റ് സ്കിൻ എന്നിവയൊഴിച്ചുള്ള ചരക്കുകൾക്ക് ഓൺലൈൻ ഡെലിവറി നോട്ട് നിർബന്ധമാക്കിയിട്ടുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ